**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2499** **17-03-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. ഇളവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിനെ തുടർന്ന് സാമ്പത്തിക പ്രതിസന്ധിയിലായ ഉപഭോക്താക്കൾക്ക് കെ.എസ്.എഫ്.ഇ. എന്തൊക്കെ ഇളവുകളാണ് നൽകുന്നത് എന്ന് വിശദമാക്കാമോ; | (എ) | ഇപ്പോൾ നിലവിലിരിക്കുന്ന ആശ്വാസ് 2021 എന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 31.03.2021 ന് മുൻപ് കുടിശ്ശികയായിട്ടുള്ള അക്കൗണ്ടുകൾക്ക് (റവന്യൂ റിക്കവറി നടപടികൾ നേരിടുന്നതും അല്ലാത്തതുമായ) കുടിശ്ശികയുടെ കാലപ്പഴക്കം അനുസരിച്ച് 60 മുതൽ 90 ശതമാനം വരെ പലിശയിൽ ഇളവ് നൽകുന്നുണ്ട്. 31.03.2022 വരെയാണ് ഇതിന്റെ കാലാവധി. |
| (ബി) | ഈ ഇളവുകൾ അടുത്ത സാമ്പത്തിക വർഷത്തേക്ക് കൂടി നീട്ടുന്നത് പരിഗണനയിൽ ഉണ്ടോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | ഇത്തരത്തിൽ സാമ്പത്തിക പ്രയാസമനുഭവിക്കുന്ന ശ്രീ.കുഞ്ഞിരാമൻ, മീത്തലെ ചെറുവോട്ട്, തിരുവള്ളൂർ സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (സി) | ശ്രീ.കുഞ്ഞിരാമൻ, മീത്തലെ ചെറുവോട്ട്, തിരുവള്ളൂർ എന്നവർ കെ.എസ്.എഫ്.ഇ ആയഞ്ചേരി ശാഖയിൽ 2/2014-21 നമ്പർ ചിട്ടിയിലെ ചിറ്റാളനാണ്. ചിട്ടിപ്പണം കൈപ്പറ്റിയ ശേഷം തിരിച്ചടവിൽ മുടക്കം വന്നതിനെ തുടർന്ന് കെ.എസ്.എഫ്.ഇ കോഴിക്കോട് സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ (ആർ ആർ) ഓഫീസിൽ റവന്യൂ റിക്കവറി നടപടികൾ നേരിട്ടുവരുന്നതുമാണ്. 06.11.2021 ന് കെ.എസ്.എഫ്.ഇ ചെയർമാൻ മുൻപാകെ ശ്രീ.കുഞ്ഞിരാമൻ സമർപ്പിച്ച അപേക്ഷ 19.11.2021 ന് നടന്ന ഒറ്റത്തവണതീർപ്പാക്കൽ പദ്ധതിയുടെ അനുബന്ധകമ്മിറ്റി പരിഗണിക്കുകയും അർഹമായതിനേക്കാൾ 10% കൂടുതൽ പലിശയിളവോടെ (90%) കുടിശ്ശിക തീർപ്പാക്കുന്നതിന് 15.12.2021 വരെ സമയം അനുവദിച്ചിരുന്നുവെങ്കിലും കുടിശ്ശിക തീർപ്പാക്കിയിട്ടില്ലാത്തതാണ്. നിലവിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായ 'ആശ്വാസ്-2021' പ്രകാരം 90% പലിശയിളവോടെയും, സർക്കാർ കളക്ഷൻ ചാർജ്ജ് ഒഴിവാക്കിയും കുടിശ്ശിക തീർപ്പാക്കുന്നതിന് 31.03.2022 വരെ അവസരം ലഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | എന്നാൽ 02.02.2022 ന് ശ്രീ.കുഞ്ഞിരാമൻ ധനകാര്യമന്ത്രി മുൻപാകെ സമർപ്പിച്ച അപേക്ഷ (FMO.5912162) 27.02.2022 ന് കെ.എസ്.എഫ്.ഇ യിൽ ലഭിക്കുകയും പ്രസ്തുത അപേക്ഷ ഇപ്പോൾ കമ്മിറ്റിയുടെ പരിഗണനയിലുമാണ്. |

സെക്ഷൻ ഓഫീസർ